## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*88** | **30/01/2019- ൽ മറുപടിയ്ക്ക്**

## സാംസ്കാരിക നവോത്ഥാനത്തിനായി നടത്തുന്ന ഇടപെടലുകൾ

**ചോദ്യം**

ശ്രീ. എസ്. ശർമ്മ
പ്രൊഫ. കെ. യു. അരുണൻ
ശ്രീ.വി. കെ. സി. മമ്മത് കോയ
ശ്രീ. പി. കെ. ശശി :

**ഉത്തരം**

**ശ്രീ.എ.കെ.ബാലൻ**
**പട്ടിക ജാതി പട്ടികവർഗ്ഗ**
**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**
**സാംസ്കാരികവും പാർലമെന്ററികാര്യവും**
**വകുപ്പ് മന്ത്രി**

എ) സംസ്ഥാന ഭരണാധികാരികളെയും സാംസ്കാരിക രംഗത്ത് സജീവമായിട്ടുള്ളവരെയും ജാതിയുടെ കള്ളികളിലാക്കി കാണുന്നവിധം കേരളീയരുടെ പൊതുബോധത്തിൽ അപചയം സൃഷ്ടിക്കാൻ പിന്തിരിപ്പൻ ശക്തികൾ ഊർജ്ജിത ശ്രമം നടത്തുന്ന പശ്ചാത്തലത്തിൽ അതിനെ പ്രതിരോധിക്കാൻ സാംസ്കാരിക നവോത്ഥാനത്തിനായി നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(എ) ജാതീയവും വർഗ്ഗീയവുമായ ആശയങ്ങളുടെയും പ്രയോഗങ്ങളുടെയും കടന്നു കയറ്റത്തിനെതിരെയും മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ച് നിൽക്കുന്ന ഒരു സമൂഹ സൃഷ്ടിക്കായും, കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകരുന്നതിനും സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം, മഹാത്മാഗാന്ധിയുടെ 150-ാം ജന്മ വാർഷികവും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം അയ്യങ്കാളി, മഹാത്മാഗാന്ധി മഹാത്മാസംഗമം, ക്ഷേത്രപ്രവേശന വിളംബരം എന്നീ വാർഷിക ആചരണങ്ങൾ തുടങ്ങിയവ ഈ ദൗത്യത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പരിപാടികളാണ്.

നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും വിഭാഗീയ ചിന്താഗതികൾ സംസ്ഥാനത്തിന്റെ പുരോഗതിക്ക് വിഘാതമാകാതിരിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നിരവധി പരിപാടികൾ പലപ്പോഴായി സംഘടിപ്പിച്ചു വരുന്നുണ്ട്. നവോത്ഥാന ചരിത്രത്തെയും ക്ഷേത്രപ്രവേശന വിളംബരത്തെയും ആധാര മാക്കി എല്ലാ ജില്ലകളിലും ന്യൂഡൽഹിയിലും പ്രദർശനങ്ങൾ, സെമിനാറുകൾ,

വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂൾ വിദ്യാർത്ഥികളിൽ നവോത്ഥാന ആശയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രചരണ പുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയും പ്രത്യേക ഡോക്യുമെന്ററി തയ്യാറാക്കുക യുമുണ്ടായി.

നവോത്ഥാനമൂല്യങ്ങളെ നിരാകരിക്കുന്ന വർഗീയ ശക്തികളാണ് ജാതി ജഡില മായിരുന്ന ഒരു ഭൂതകാലത്തിലേക്ക് കേരളത്തെ കൊണ്ടുപോകാൻ ശ്രമിക്കുന്നത്. അതിനെ പ്രതിരോധിക്കുന്നതിനായി നവോത്ഥാന മൂല്യങ്ങളെ പുതുജീവൻ നൽകി ജനഹൃദയങ്ങളിൽ ഊട്ടിയുറപ്പിക്കേണ്ടത് ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യക്തികളേയും ചരിത്ര സംഭവങ്ങളേയും കേന്ദ്രീകരിച്ചുകൊണ്ടുള്ള നവോത്ഥാനമൂല്യ സംരക്ഷണ സംരംഭങ്ങൾ കേരളത്തിന്റെ പല പ്രദേശങ്ങളിലും സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നുമാത്രമല്ല. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ഈ പ്രശ്നത്തെക്കുറിച്ച് സജീവ സംവാദ മേഖലകൾ സൃഷ്ടിക്കുന്നതിന് സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം തടയുന്നതിന് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടണമെന്നത് സർക്കാർ നയമാണ്. എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും ആക്രമണങ്ങൾക്കെതിരായ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകും വിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ച് വരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്.

മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചു നിൽക്കുന്ന ഒരു സമൂഹ സൃഷ്ടിക്കായി സംസ്ഥാന സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തി

വരുന്നു. സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയുമാണ് നാടിന്റെ ശക്തി സ്രോതസ്സെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങളുടേയും പ്രയോഗങ്ങളുടേയും കടന്നുകയറ്റത്തിനെതിരെയുള്ള ചെറുത്തു നിൽപ്പ് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകർന്നതും അയിത്തോച്ചാടന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്നതുമായ "നമുക്ക് ജാതിയില്ലാ വിളംബരം' സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം എന്നിവയെ സമുചിതമായി ആഘോഷിക്കുക വഴി ശക്തമായ സന്ദേശം നൽകുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാനവികതയും മതമൈത്രിയും ഉയർത്തിപ്പിടിച്ച് രക്തസാക്ഷിത്വം വരിച്ച മഹാത്മാഗാന്ധിയുടെ സ്മരണയുണർത്തുന്ന ഒരു വർഷം നീണ്ടു നിന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| ബി) നവോത്ഥാനത്തിന് സ്ത്രീപക്ഷ മാനം നൽകുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) സമത്വം, ലിംഗനീതി, പുരോഗമനദർശനങ്ങൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ള ചർച്ചകൾ, സെമിനാറുകൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി.<br><br>ഭരണഘടനാദത്തമായ സ്ത്രീ പുരുഷ സമത്വം ഉറപ്പാക്കുന്നതിന് സ്ത്രീസമൂഹത്തിന് അവരുടെ അവകാശങ്ങളെപ്പറ്റി അവബോധമുണ്ടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. |
| സി) ഭരണഘടനാ മൂല്യങ്ങളുടെ നിരാസത്തിലൂടെ ചാതുർവർണ്യവ്യവസ്ഥാ ബോധം ഉത്തേജിപ്പിക്കാനായി പിന്തിരിപ്പൻമാരും അവരെ പിന്തുണയ്ക്കുന്നവരും നടത്തുന്ന കുത്സിത പ്രവർത്തനങ്ങളെ നിർവീര്യമാക്കാൻ നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | സി) കേരളത്തിന്റെ നവോത്ഥാന മുന്നേറ്റങ്ങളെ ഉദ്ഘോഷിക്കുന്ന ശ്രദ്ധേയങ്ങളായ ചിത്ര, ശില്പ, പുരാവസ്തു പുരാരേഖ പ്രദർശനങ്ങൾ തുടങ്ങിയവയും സാംസ്കാരിക വകുപ്പ് വിവിധ ആചരണ പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ചു വരുന്നുണ്ട്. ജാതിവിവേചനം ഉൾപ്പെടെയുള്ള ദുരാചാരങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ നവോത്ഥാന നായകരുടെ ചരിത്രം, നവോത്ഥാനത്തിന്റെ ഭാഗമായി നടന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ബോധവൽക്കരണം, സ്ത്രീകളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സർക്കാരിന്റെ വിവിധ വകുപ്പുകൾ പിന്തുണ നൽകുകയും |

ആവശ്യമായ പ്രചാരണം നൽകുകയും ചെയ്യുന്നു. 'നാം മുന്നോട്ട്' ഉൾപ്പെടെയുള്ള ടെലിവിഷൻ പരിപാടികൾ, ഡോക്യുമെന്ററി പ്രദർശനം, സോഷ്യൽ മീഡിയ കാമ്പെയിൻ, പ്രസിദ്ധീകരണങ്ങൾ വഴിയുള്ള പ്രചാരണം എന്നിവയും നടത്തി വരുന്നു.

ഭരണഘടന, ഭരണഘടനാ മൂല്യങ്ങൾ , നവോത്ഥാനം, നവോത്ഥാന നായകർ എന്നിവ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് ഭരണഘടനാ പഠന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

ജാതി മത ഭിന്നതകളില്ലാത്ത സമൂഹ സൃഷ്ടിക്കായി വിഭിന്ന ജാതി /മതസ്ഥർ തമ്മിലുള്ള മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മിശ്രവിവാഹ ദമ്പതികൾക്ക് (എസ്.സി., എസ്.റ്റി. വിഭാഗം ഒഴികെ)സാമ്പത്തിക സഹായമായി 30,000/- രൂപ സാമൂഹിക നീതി വകുപ്പ് മുഖേന നൽകി വരുന്നുണ്ട്.

ജനാധിപത്യവും നിയമവാഴ്ചയും നിലനിൽക്കുന്ന ഒരു രാജ്യത്ത് ഭരണഘടനക്കാണ് പ്രാമാണികത്വമുള്ളത്. ആചാരങ്ങളും അനുഷ്ഠാനങ്ങളും ചാതുർവർണ്യ വ്യവസ്ഥാപനങ്ങളും എല്ലാം ഇന്ത്യൻ ഭരണഘടനയ്ക്കു മുകളിലാണ് എന്ന രീതിയിൽ രാഷ്ട്രത്തിന്റെ ഉന്നത നീതിപീഠത്തിന്റെ നിർദ്ദേശങ്ങളെപ്പോലും വിഗണിച്ചു കൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജാതിമത വർഗ്ഗീയ ചിന്തകൾക്കെതിരെയും നവോത്ഥാനമൂല്യങ്ങൾ നിലനിർത്തുന്നതിനും മാനവികത, സാഹോദര്യം, സമത്വം എന്നിവ നിലനിർത്തി മെച്ചപ്പെട്ട ഒരു സംസ്കാരം കെട്ടിപ്പടുക്കുന്നതിനും ഭരണഘടനാ മൂല്യങ്ങൾ നിർവ്വഹിക്കുന്നതിനും ഈ സർക്കാർ നടപടികൾ സ്വീകരിച്ച് വരുന്നു.

(signature)

**സെക്ഷൻ ഓഫീസർ**